


# എന്റെ കർത്താവേ, എന്റെ ദൈവമേ

(ഏശയ്യാ 55:4 – 13; ശ്ലീഹാ 4:32 – 37; കൊളോ 1:12 – 20; യോഹ. 20:19 – 29)

ബ്ര. എഡ്വിൻ ചെറുപറമ്പിൽ

Vol. 11, Issue: 52

**ഈ**ശോമിശിഹായിൽ ഏറ്റവും സ്നേഹം നിറഞ്ഞ പ്രിയ സഹോദരങ്ങളേ,

ഇന്ന് ഈസ്റ്റർ കഴിഞ്ഞുള്ള ആദ്യ ഞായർ. പുതുഞായർ എന്ന് സഭയുടെ പാരമ്പര്യത്തിൽ ഉരുവാക്കപ്പെട്ട ദിനം. നമ്മുടെ പിതാവായ തോമാശ്ലീഹാ ഉത്ഥിതനായ കർത്താവിലുള്ള വിശ്വാസം പ്രഖ്യാപിച്ചതിന്റെ ഓർമ്മ സഭ പുതുക്കുന്നു.

ആദിമ സഭാസമൂഹങ്ങളിൽ ദീർഘകാലത്തെ ഒരുക്കത്തിനു ശേഷം മാമ്മോദീസാ സ്വീകരിച്ചിരുന്നത് ഈസ്റ്റർ ദിനത്തോടെയായിരുന്നു. തുടർന്ന് പുതുതായി മാമ്മോദീസാ സ്വീകരിച്ച വ്യക്തികൾ ആദ്യമായി ഒരു ഞായറാഴ്ച വി. കുർബാനയിൽ സംബന്ധിച്ചിരുന്നതുകൊണ്ടാണ് ഈസ്റ്ററിനു ശേഷമുള്ള ഞായർ 'പുതുഞായർ' ആയി അറിയപ്പെട്ടത്.

ഈ പുതുഞായറാഴ്ച തിരുസഭാമാതാവ് നമ്മുടെ വചനവിചിന്തനത്തിനായി നൽകുന്നത് വി. യോഹന്നാന്റെ സുവിശേഷം 20:19–29 വരെയുള്ള വാക്യങ്ങളാണ്. തോമാശ്ലീഹായുടെ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന വിശ്വാസപ്രഖ്യാപനം. ഇതരസുവിശേഷങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തവും കരുത്തുറ്റ കഥാപാത്രവുമായിട്ടാണ് തോമാശ്ലീഹായെ യോഹന്നാന്റെ സുവിശേഷത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

ഈശോ ഉത്ഥാനാനന്തരം ആദ്യമായി ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ ധീരനായ തോമസ് അവിടെ ഉണ്ടായിരുന്നില്ല. തോമാശ്ലീഹാ യഹൂദരുടെ ഭീഷണി വകവയ്ക്കാതെ പുറത്തുപോയി എന്നൊരു വ്യാഖ്യാനം സഭാപാരമ്പര്യത്തിലുണ്ട്. എന്നാൽ, അതിലുപരി നമ്മുടെ ജീവിതത്തിലെ ചില നഷ്ടങ്ങളും പരാജയങ്ങളും കൂടുതൽ മഹനീയമായവ നൽകാൻ വേണ്ടി ബോധപൂർവ്വം ദൈവം അനുവദിക്കുന്നതാണെന്ന തിരിച്ചറിവിലേയ്ക്കാണ് സുവിശേഷകൻ നമ്മെ ക്ഷണിക്കുന്നത്.

സമാനമായ നഷ്ടങ്ങൾ നമ്മുടെ ജീവിതത്തിലും സംഭവിക്കാം. നന്നായി എഴുതിയ പരീക്ഷയിൽ മാർക്ക് കുറഞ്ഞുപോയതും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടും വിജയിക്കാതെ പോയതുമൊക്കെ കൂടുതൽ അനുഗ്രഹങ്ങൾക്കായി ദൈവം ഒരുക്കുന്നതിന്റെ ഭാഗമായി ഗ്രഹിക്കാം.

ഉത്ഥിതനായ തന്റെ ദർശനം തോമസിനു നൽകിയ ശേഷം ഈശോ പറഞ്ഞു: ‟നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.'' കാണാതെ വിശ്വസിക്കുന്നതാണ് കൗദാശിക വിശ്വാസം. ഗോതമ്പിന്റെ ഓസ്തിയിൽ ഈശോയെ ദർശിക്കുന്നതും മൂറോൻ തൈലത്തിലും വിശുദ്ധ ജലത്തിലും പരിശുദ്ധാത്മാവിനെ ദർശിക്കുന്നതും കാണാതെയുള്ള വിശ്വാസമാണ്. ഈ വിശ്വാസത്തിനാണ് ഈശോ അനുഗ്രഹം നൽകിയിരിക്കുന്നത്. അടയാളങ്ങളും അത്ഭുതങ്ങളും കണ്ടാൽ മാത്രമേ വിശ്വസിക്കൂ എന്ന പിടിവാശിയെ ഈശോ തിരുത്തുന്നത് നമുക്ക് സ്വീകാര്യമാകണം.

വിശ്വാസം ദൈവദാനമാണെങ്കിലും ദാനമായി ലഭിച്ച വിശ്വാസത്തെ വളർത്താൻ ബോധപൂർവ്വം ശ്രമിക്കാത്തവർക്ക് വിശ്വാസനഷ്ടം സംഭവിക്കും. തനിക്ക് ലഭിച്ച വിശ്വാസത്തെ ആഴത്തിൽ മനസ്സിലാക്കാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന തോമാശ്ലീഹായെയാണ് സുവിശേഷങ്ങളിൽ നാം കണ്ടുമുട്ടുന്നത്. വിശ്വാസത്തെ ഗൗരവമായി കാണാൻ മടിക്കുന്ന തലമുറയ്ക്ക് തോമാശ്ലീഹാ മാതൃകയാണ്.

മതബോധന ക്ലാസ്സുകൾ മതിയാക്കി എൻട്രൻസ് പരിശീലനത്തിന് പ്രാധാന്യം കൊടുക്കുമ്പോഴും ഞായറാഴ്ച കുർബാന മുടക്കി മറ്റു ലക്ഷ്യങ്ങൾക്കായി പായുമ്പോഴും വിശ്വാസമാണ് ശോഷിച്ചുപോകുന്നത്. ദൈവം തന്ന ഏറ്റവും അമൂല്യദാനമായ വിശ്വാസത്തെ നഷ്ടപ്പെടുത്തുന്നതാണ് ജീവിതത്തിലെ നഷ്ടം. വിശ്വാസത്തിൽ ജീവിക്കുക എന്നത് ശ്രമകരമായ ഒന്നാണ്. അത് വളർത്തിയെടുക്കണമെങ്കിൽ നാം ഒന്നാമതായി ചെയ്യേണ്ടത് നമ്മുടെ കഴിവുകളെയും എല്ലാ അവസ്ഥകളെയും പൂർണ്ണമായി ദൈവത്തിൽ സമർപ്പിക്കുക. രണ്ടാമതായി, അവിടുത്തോടൊത്ത് സമയം ചെലവഴിക്കുക. അത് അദ്ധ്യാനത്തിലൂടെയും നിശബ്ദതയിലൂടെയുമാണ് കൈവരിക്കാൻ സാധിക്കുക.

ഉത്ഥിതനെ കണ്ട മാത്രയിൽ തോമാശ്ലീഹാ പറഞ്ഞു, എന്റെ കർത്താവേ, എന്റെ ദൈവമേ. ഉത്ഥിതനിലുള്ള തോമാശ്ലീഹായുടെ വിശ്വാസം അതിന്റെ ഉന്നതശ്രേണിയിൽ എത്തിയപ്പോൾ ആ വിശ്വാസം അവൻ ഏറ്റുപറയുകയായിരുന്നു ആ വാക്കുകളിലൂടെ. നടപടി പുസ്തകം 4:53-ൽ നാം വായിച്ചുകേട്ടു: ‟അപ്പസ്തോലന്മാർ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് വലിയ ശക്തിയോടെ സാക്ഷ്യം നൽകി.'' കൂടാതെ, ഏശയ്യാ പ്രവാചകനിലൂടെ ദൈവം നമ്മെ ഓർമ്മിപ്പിച്ചു: ‟കർത്താവിനെ കണ്ടെത്താൻ കഴിയുന്ന ഇപ്പോൾ തന്നെ അവിടുത്തെ അന്വേഷിക്കുവിൻ.''

ഗോതമ്പ് അപ്പത്തിലൂടെ ദൈവസാന്നിദ്ധ്യത്തെ തിരിച്ചറിയാനുള്ള ഏറ്റവും നല്ല അവസരമാണ് വിശുദ്ധ കുർബാന. ഈ വിശുദ്ധ കുർബാനയെ സ്നേഹിക്കാം. അതുകൊണ്ട് പ്രിയമുള്ളവരേ, ക്രൈസ്തവരായ എന്റെയും നിങ്ങളുടെയും കടമയാണ് തോമാശ്ലീഹായെയും മറ്റ് അപ്പസ്തോലന്മാരെയും പോലെ ഉത്ഥിതനിലുള്ള വിശ്വാസം പ്രഘോഷിക്കുക എന്നത്.

ഉത്ഥിതനിലുള്ള വിശ്വാസം പ്രഘോഷിക്കാനായിട്ടാണ് ആഴ്ചയുടെ ആദ്യദിനമായ ഈ ഞായറാഴ്ച ഉത്ഥിതനെ ഈ വിശുദ്ധ കുർബാനയിൽ കാണാനായി എത്തിയിരിക്കുന്നത്. ഈ ഒരു ആഹ്വാനം സ്വീകരിച്ചുകൊണ്ട് നമുക്കോരോരുത്തർക്കും വലിയ നന്മ ദൈവം കൊണ്ടുവരുമെന്ന വിശ്വാസത്തോടെ ആയിരിക്കാം. അതിനുള്ള കൃപാവരത്തിനായി നമുക്ക് പ്രാർത്ഥിക്കാം.